# SUMMATIVE ASSESSMENT - II
## MARCH 2013
## GRADE X

*Subj:* **MALAYALAM** — ***Max Marks : 90***
***Time: 3 Hrs.***

---

*The question paper is divided into four sections:*
- *Section A-Reading Comprehension - 10 marks*
- *Section B-Writing - 14 marks*
- *Section C – Grammar - 18 marks*
- *Section D – Literature - 48 marks*

## ‘എ’ വിഭാഗം

**I. താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ യുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

സങ്കീർണ്ണത നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. സൃഷ്ടിയുടെ മാഹാത്മ്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതിന്റെ അനന്തതയും വൈവിധ്യവും സൗന്ദര്യവും എത്രകണ്ടു അറിയുവാൻ നാം ശ്രമിക്കുന്നുവോ അത്രകണ്ടായിരിക്കും ജീവിതം ആസ്വദിക്കുന്നതിനുള്ള താൽപര്യം നമ്മിൽ കൂടിവരിക. അതു വർദ്ധിക്കുന്തോറും ശാന്തി കൈവരുത്തുവാനുള്ള മാർഗ്ഗവും തെളിഞ്ഞു കാണും. അന്ധയും ബധിരയും ഊമയുമായ അമേരിക്കക്കാരി ഹെലൻ കെല്ലറെപ്പറ്റി കേട്ടിട്ടില്ലേ? എന്താണ് ഒരാൾക്കു നേരിടുവാനുള്ള ഏറ്റവും വലിയ ആപത്ത്? എന്ന ചോദ്യത്തിന് “കണ്ണുണ്ടായിട്ടും കാണാതിരിക്കുന്നതാണ് മനുഷ്യനു സംഭവിക്കാവുന്ന ഏറ്റവും വലിയ നിർഭാഗ്യം” എന്നായിരുന്നു അവരുടെ മറുപടി. ഊർജ്ജസ്വലതയോടെ ജീവിക്കലും “ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും” എന്ന മട്ടിൽ കഴിഞ്ഞുകൂടലും തമ്മിൽ വലിയ അന്തരമുണ്ട്. എന്താണ് ഊർജ്ജസ്വലതയോടെ ജീവിക്കുക എന്നു പറയുമ്പോൾ നാം വിവക്ഷിക്കുന്നത്? സൃഷ്ടിപരമായ പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ ഊർജ്ജസ്വലതയോടെ ജീവിക്കുകയാണെന്നു പറയാം. ഗ്രന്ഥ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴും ഒരു ചിത്രം വരക്കുമ്പോഴും വിഷമമേറിയ ഒരു പ്രശ്നത്തിന്റെ പരിഹാരത്തെപ്പറ്റി ചിന്തിക്കുമ്പോഴും നാം ഊർജ്ജസ്വലതയോടെ ജീവിക്കുകയാണ്. അവനവൻ ചെയ്യേണ്ട പ്രവൃത്തി അത് എന്തുതന്നെ യായാലും കൃത്യനിഷ്ഠയോടെ നിർവഹിക്കുമ്പോഴും സ്ഥിതി ഇതു തന്നെയാണ്. കലാപരമായ പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ നമുക്കു ഒരുന്മേഷവും ഉത്സാഹവും തോന്നാതിരിക്കില്ല. നല്ലൊരു കളി കാണുക, നല്ലൊരു ഗ്രന്ഥം വായിക്കുക, പലതരത്തിലുള്ള പൂച്ചെടികൾ ഉദ്യാനത്തിൽ നട്ടു വളർത്തുക – ഇതെല്ലാം ചെയ്യുമ്പോൾ ജീവിതം തികച്ചും ആസ്വദിക്കുന്നതായി നമുക്ക് അനുഭവപ്പെടും.

**ചോദ്യങ്ങൾ**

1. ജീവിതം ആസ്വദിക്കുന്നതായി നമുക്കനുഭവപ്പെടുന്നത് ഏതേതു സന്ദർഭങ്ങളിലാണ്? 2
2. ഈ ലോകത്തിൽ എന്താണ് നമ്മിൽ വിസ്മയം ജനിപ്പിക്കുന്നത്? 2
3. ജീവിതം ആസ്വദിക്കുന്നതിനുള്ള താൽപര്യം നമ്മിൽ വർദ്ധിക്കുന്നതെങ്ങനെ? 2
4. ഏതെല്ലാം സന്ദർഭങ്ങളിലാണ് നാം ഊർജ്ജസ്വലതയോടെ ജീവിക്കുന്നു എന്നു പറയുവാൻ സാധിക്കുന്നത്? 2
5. ഹെലൻ കെല്ലറോടു ചോദിച്ച ചോദ്യവും അവർ നൽകിയ ഉത്തരവും എടുത്തു കാണിക്കുക? ഹെലൻ കെല്ലറുടെ വാക്കുകളിൽ നിന്നും നിങ്ങൾ ഉൾക്കൊള്ളേണ്ട ഗുണപാഠമെന്ത്? 2

## 'ബി' വിഭാഗം

**II.1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു ഒരു ഖണ്ഡിക എഴുതുക.** 7

(1) സ്ത്രീസമത്വം

(2) ആയുധവിമുക്തലോകം

(3) ഇൻറർനെറ്റിൻെറ സ്വാധീനം വിദ്യാഭ്യാസത്തിൽ

**2) മായം ചേർത്ത ഭക്ഷണസാധനങ്ങളുടെ വിൽപ്പന നിരോധിക്കണം എന്നാവശ്യപ്പെട്ടു കൊണ്ട് ആരോഗ്യമന്ത്രിക്ക് ഒരു കത്തു തയ്യാറാക്കുക.** 7

## 'സി' വിഭാഗം

**III.(a) 1. പ്രയോഗം മാറ്റുക** 1

കവി കുളത്തിലെ വെള്ളത്തിൻെറ കുളിര് ആസ്വദിച്ചു.

**2. അർഥ വ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** 1

ജനങ്ങൾ ജാതിച്ചുവട്ടിൽ ജലസേകമേകുന്നു.

**3. അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക** 1

ഒപ്പമുണ്ടായിരുന്നവർ ഏണിപ്പടികൾ കയറിപ്പോകുമ്പോൾ അയാൾ ബൊക്കെയും പുഞ്ചിരിയും സമ്മാനിച്ചു.

**4. തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക** 1

യന്ത്രയുഗത്തിനു താൻ എതിരാണെന്ന് പറയുന്നത് തൻെറ അഭിപ്രായങ്ങളെ വികൃതമാക്കലാണെന്നു ഗാന്ധിജി ഒരു ചോദ്യകർത്താവിനോട് ഒരവസരത്തിൽ തിരിച്ചു മറുപടിയായി പറഞ്ഞു

**(b) 1. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** 2

1) ശാലയിങ്കൽ

2) പെറ്റമ്മ

**2. വിഗ്രഹിച്ച് സമാസം നിർണയിക്കുക** 2

1) പൂർവാപരം

2) അന്വേഷണവിധേയം

**3. ശരിയായ പര്യായപദങ്ങളേത്?** 2

1) പല്ലവം

(a) കിസലയം (b) പൂവ് (c) തളിര് (d) മൊട്ട്

2) മഞ്ഞ്

(a) തിമിരം (b) തുഷാരം (c) രസാലം (d) നീഹാരം

**4. ശരിയായ നാനാർഥപദങ്ങളേവ?** 2

1) കല്പന

(a) ഭാവന (b) ആഗ്രഹം (c) ആലോചന (d) ആജ്ഞ

2) പയസ്സ്

(a) തമസ്സ് (b) പരിശുദ്ധി (c) പാൽ, (d) വെള്ളം

**5. ശരിയായ വിപരീതപദമേത്?** 2

1) സ്വച്ഛം

(a) തെളിഞ്ഞ (b) കലുഷം (c) ശുദ്ധം (d) മങ്ങിയ

2) സൂക്ഷ്മം

(a) സ്പഷ്ടം (b) സ്പടികം (c) സ്ഥൂലം (d) സ്ഥിരം

**6. ശരിയായ അർഥവ്യത്യാസമെഴുതുക** **2**

1) സൃഷ്ടി - വൃഷ്ടി

(a) മഴ (b) വേനൽ (c) ഉത്പത്തി (d) ഉത്പന്നം

2) സത്രം - സൂത്രം

(a) വഴി (b) ചരട് (c) വിളക്ക് (d) വഴിയമ്പലം

**7. എതിർലിംഗമെഴുതുക** **2**

1) ധന്യൻ

(a) ധന്യവതി (b) ധനാഢ്യൻ (c) ധനിക (d) ധന്യ

2) വേലക്കാരൻ

(a) വേലക്കാരത്തി (b) വേലക്കാരി (c) വേലക്കാരണി (d) വേലക്കാർ

## 'ഡി' വിഭാഗം

**IV.(i) ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (8 x ½)** **4**

1) "പ്രാകൃതഭൂമിയാൾതന്നപത്യമെന്നോർത്തധരീകരിപ്പൂ" - ആരെ?

(a) നക്ഷത്രത്തെ (b) ജാതിച്ചെടിയെ (c) തുമ്പപ്പൂവിനെ (d) പാവങ്ങളെ

2) യന്ത്രലഘൂകരണത്തിൻെറ ലക്ഷ്യം എന്തവസാനിപ്പിക്കലാണ്?

(a) കിങ്കരസ്വേച്ഛാധിപത്യം (b) മുതലാളിത്തം (c) അടിമത്തം (d) വ്യവസായം

3) "ഇന്ന് അതൊരു മിഥ്യയല്ലാതാവാൻ പോകുന്നു" - ഏത്?

(a) ആരോപണം (b) എൻക്വയറി (c) ശിക്ഷ (d) നടപടികൾ

4) പൂരുഷരൂപമാം തേജഃപുഞ്ജം എന്തിനെയാണ് ദൂരിതമാക്കിയത്?

(a) ഇരുട്ടിനെ (b) ശീമോൻെറ പ്രശസ്തിയെ (c) വിളക്കുകളുടെ പ്രകാശത്തെ,
(d) ശീമോൻെറ അഹങ്കാരത്തെ

5) ഗാന്ധിജിയുടെ സിദ്ധാന്തങ്ങളുടെയും അഭിപ്രായങ്ങളുടെയും ആദ്യത്തെ കൈപ്പകർപ്പ് ഏതാണ്?

(a) യങ്ഇന്ത്യ (b) ഹരിജൻ (c) ഗീതാഞ്ജലി (d) ഹിന്ദ് സ്വരാജ്

6) ആവശ്യക്കാർ അംഗീകരിച്ച ഒരു സമ്പ്രദായം എന്ന് സൂചിപ്പിക്കുന്നതെന്ത്?

(a) കൈക്കൂലി (b) പാരിതോഷികം (c) യാത്രയയപ്പ് (d) പ്രമോഷൻ.

7) "മോഷ്ടിച്ചെടുത്ത ഒരു രാത്രി" എന്ന കവിത ഏതു കൃതിയിൽ നിന്നെടുത്തതാണ്?

(a) ദുഃഖിതരുടെ ദുഃഖം (b) മഹാത്മാവിൻെറ മാർഗം (c) പാതാളത്തിൻെറ മുഴക്കം,
(d) മഗ്ദലനമറിയം

8) ഇതിൽ ഉള്ളൂരിൻെറതല്ലാത്ത കൃതി ഏത്?

(a) കിരണാവലി (b) ചിത്രയോഗം (c) അമൃതധാര (d) തരംഗിണി

(ii) 1) "കുരിശിലേറ്റിയതിനുശേഷം ഉയിർത്തെഴുന്നേൽക്കുന്നവരാണല്ലോ പ്രവാചകന്മാർ" 4
ഇങ്ങനെ പറയുന്നതെന്തുകൊണ്ട്?

2) "അത് കാരിരുമ്പിന്റെ നിറമുള്ള ഘനമുള്ള കൂർത്ത ഒരു പാറക്കല്ലായി മാറുന്നു" - 4
ഏത്? കഥയിലെ സന്ദർഭവുമായി ഈ പദപ്രയോഗത്തിനുള്ള ഔചിത്യമെന്ത്?

3) മനുഷ്യന്റെ കർമ്മശക്തിയെക്കുറിച്ച് ഗാന്ധിജിയുടെ അഭിപ്രായമെന്ത്? 4

4) "സർക്കാർ സ്ഥാപനങ്ങളിൽ ആളുകൾക്കല്ല പങ്ക തിരിയുന്നത് കസേരയ്ക്കാണ്" 4
ഈ പ്രസ്താവന സൂചിപ്പിക്കുന്നത് എന്തെല്ലാം?

**(iii) 1) സന്ദർഭം എഴുതി ആശയം വ്യക്തമാക്കുക** 4

"ജാതിച്ചുവട്ടിൽജ്ജലസേകമേകും
ജനങ്ങളീപ്പൂച്ചെടി കൈയനക്കി
വളർത്തിടുന്നില്ലതുപോട്ടെ, ദൂരെ
വലിച്ചുമാറ്റുന്നതുമുണ്ടു കഷ്ടം"

(2) ഫയൽക്കെട്ടുകളെ പടിപ്പുരയിൽ സൂക്ഷിക്കാൻ കാരണമെന്ത്? 4

(3) "ആഢ്യൻ മുതൽ അന്ത്യജനോളമാർക്കും 4
പെറ്റമ്മ ഭൂദേവി; പിതാവു ദൈവം"

ഈ വരികൾ ആരുടേതാണ്?
ഏതാശയത്തെയാണ് വ്യക്തമാക്കുന്നത്?

(4) ഏഴെട്ടു കാശിന്റെ ഉന്മാദത്തള്ളൽ എങ്ങനെയാണ് കവിതയിൽ പ്രകടമാകുന്നത്? 4
ഇന്നത്തെ സമൂഹത്തിൽ ഇത്തരം ഉന്മാദാവസ്ഥ പ്രകടമാകുന്നുണ്ടോ?
ഒരുദാഹരണം രണ്ടോ മൂന്നോ വാചകത്തിൽ എഴുതുക.

**(iv) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (6 X 2) 12

1. അപ്പു കപ്പിത്താനെ രക്ഷിച്ചതെങ്ങനെ
2. മുത്താമ എന്തെല്ലാം അത്ഭുതങ്ങളാണ് ചെയ്തിരുന്നത്?
3. 'മൃതസഞ്ജീവനി' എന്ന ശീർഷകം ഈ കഥയ്ക്ക് എത്രമാത്രം അനുയോജ്യമാണ് എന്ന് പരിശോധിക്കുക.

-----------------